**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1453** **19-09-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ വർഷാരംഭത്തിൽ തന്നെ പൊതുവിദ്യാലയങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിർദേശം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | നിർദേശം നൽകിയിട്ടുണ്ട്. 2025-26 അധ്യയന വർഷം സ്കൂൾ പ്രവേശന മുന്നൊരുക്ക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്കൂൾ സുരക്ഷ, കുട്ടികളുടെ സുരക്ഷ, പരിസര ശുചീകരണം, ഉച്ച ഭക്ഷണം യാത്രാ സുരക്ഷ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി 13/05/2025-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ വിശദമായ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം സ്കൂൾ തുറക്കുന്നതിനു മുൻപ് തന്നെ സ്കൂൾ കെട്ടിട ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാതെ യാതൊരു കാരണവശാലും സ്കൂളുകൾ തുറന്നു പ്രവർത്തിക്കുവാൻ പാടുള്ളതല്ല.<br>നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകളിൽ വാടകകെട്ടിടത്തിലോ മറ്റ് സ്ഥാപനങ്ങളിലോ ക്ലാസ്സുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഈ കെട്ടിടങ്ങൾ കൂടി പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയെന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ സ്കൂൾ പ്രവർത്തിക്കുവാൻ പാടുള്ളൂ എന്ന നിർദേശം വിദ്യാഭ്യാസ ഓഫീസർമാർ മുഖേന എല്ലാ പ്രധാനാദ്ധ്യാപകർക്കും നൽകിയിട്ടുണ്ട്. |
| (ബി) | ഈ നിർദേശം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (ബി) | 2025-26 അധ്യയന വർഷം സ്കൂൾ തുറക്കുന്നതിനും അതിനു ശേഷവും കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് വേണ്ടി പൊതു വിദ്യാഭ്യാസ ഡയറക്ടർ 13/05/2025, 31/05/2025, 26/07/2025, 07/08/2025 എന്നീ തീയതികളിലെ സർക്കുലർ പ്രകാരം വിദ്യാഭ്യാസ ആഫീസർ മുഖാന്തരം എല്ലാ പ്രഥമാദ്ധ്യാപകർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2025-26 അധ്യയന |

| | | | |
|---|---|---|---|
| | | | വർഷം സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട മുന്നൊരുക്ക പ്രവർത്തനങ്ങൾ<br><br>അവലോകനം ചെയ്യുന്നതിന് രണ്ട് മേഖലകളായി തിരിച്ച് വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗങ്ങൾ 19/05/2025, 21/05/2025 എന്നീ തീയതികളിൽ സംഘടിപ്പിക്കുകയും തുടർ നിർദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. കൂടാതെ ക്ലാസ് റൂം പ്രവർത്തനം നടക്കുന്ന കെട്ടിടങ്ങളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടോയെന്ന് മോണിറ്ററിംഗ് വേളയിൽ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (സി) | സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളിലും എല്ലാ തരത്തിലുള്ള സുരക്ഷയും ഉറപ്പാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം സുരക്ഷാ സെൽ രൂപീകരിക്കുകയും, ഡി.ഡി.ഇ, ആർ.ഡി.ഡി, ഡി.ഇ.ഒ, ഡയറ്റ് പ്രിൻസിപ്പാൾ, ഡി.പി.സി തുടങ്ങിയ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും സുരക്ഷാ ഓഡിറ്റ് നടത്തുകയും ഡയറ്റ് പ്രിൻസിപ്പാൾമാർ വഴി റിപ്പോർട്ട് ക്രോഡീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തോട്ടുകൂടി വിദ്യാലയങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള തുടർ നടപടികൾ ഓരോ വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്വത്തിൽ നടന്നിട്ടുണ്ട്. ആയതിൽ ഫിറ്റ്നസില്ലാത്ത കെട്ടിടങ്ങളുടെയും പൊളിച്ചുമാറ്റേണ്ട കെട്ടിടങ്ങളുടെയും വിശദമായ കണക്ക് പൊതുവിദ്യാഭ്യാസ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി തയ്യാറാക്കുകയും അതിന്മേൽ തുടർ നടപടികൾ കൈകൊണ്ട് എല്ലാ രീതിയിലുള്ള സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് വരികയും ചെയ്യുന്നു.. |

സെക്ഷൻ ഓഫീസർ